ഇഹ്സാൻ

# ആസാമിലെ പാകിസ്താൻകാരായ ബംഗ്ലാദേശികൾ

**മുസ്‌ലിംകളു**ടെ കാര്യത്തിൽ സന്ദർഭവും സാഹചര്യവും അനുസരിച്ച് നുണപറയണം എന്നതു മാത്രമേ ദൽഹിയിലായാലും കേരളത്തിലായാലും ആസാമിലായാലും മാധ്യമങ്ങൾക്ക് താൽപര്യമുള്ളൂ. തങ്ങളുയർത്തുന്ന ആരോപണങ്ങൾ എത്ര തന്നെ അടിസ്ഥാനരഹിതമായിരുന്നാലും അവയുടെ അന്തിമഫലമായി മുസ്‌ലിംകൾക്ക് നീതി നിഷേധിക്കപ്പെടുകയും വേണം. ഇപ്പോഴത്തെ ബോഡോലാന്റ് കലാപം ഈ പ്രവണതയുടെ ഒന്നാന്തരം ഉദാഹരണമായി മാറുകയാണ്. ബോഡോ സംഘടനകൾ സംഘംചേർന്ന് നടപ്പാക്കിയ വംശീയശുദ്ധീകരണ അജണ്ടയുടെ ഭാഗമായി രണ്ടു ലക്ഷത്തിലേറെ മുസ്‌ലിംകൾ ആട്ടിയോടിക്കപ്പെട്ട, നൂറിലേറെ പേർ കൊല്ലപ്പെടുകയും അതിന്റെ ഇരട്ടിയിലേറെ പേർക്ക് മാരകമായി പരിക്കേൽക്കുകയും ചെയ്ത ഒക്ടോബർ 2ന്റെ കലാപത്തെ കുറിച്ച് 'നുഴഞ്ഞുകയറ്റക്കാരും ബോഡോകളും' തമ്മിൽ പശുമോഷണത്തെ ചൊല്ലി നടന്ന ഏറ്റുമുട്ടലായാണ് മിക്ക മാധ്യമങ്ങളും ചിത്രീകരിച്ചത്. നുഴഞ്ഞുകയറ്റക്കാർ എന്ന വിശേഷണത്തിന്റെ അർഥം ബംഗ്ലാദേശിൽ നിന്നുള്ള അനധികൃത കുടിയേറ്റക്കാർ എന്നാണ് ആസാമിലെ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ വിളിപ്പേര്. ഈ പദം ഉപയോഗിച്ചു കഴിഞ്ഞാൽ പിന്നീട് ഇവരുടെ കാര്യത്തിൽ സർക്കാറിനോ പൊതുസമൂഹത്തിനോ മാധ്യമങ്ങൾക്കോ പ്രത്യേകിച്ച് ഒരു ബാധ്യതയും ഇല്ലെന്നാണ് മനസ്സിലാക്കപ്പെടുന്നത്.

ഒറീസയിലെ ഗ്രാമങ്ങളിൽനിന്ന് ആട്ടിയോടിക്കപ്പെട്ടവരും ബോഡോലാന്റിൽനിന്ന് കുടിയിറക്കപ്പെട്ടവരും തത്ത്വത്തിൽ ഒന്നുതന്നെയായിരുന്നു. പക്ഷേ ഇതിലൊരു കൂട്ടരുടെ ദുരന്തം പാടെ അവഗണിക്കപ്പെട്ടു. എന്തൊരു ആഘോഷമായിരുന്നു ഒറീസ! ഇതേ മാധ്യമങ്ങളിൽ ആസാമിനെ കുറിച്ച് തകർക്കുന്ന വിശേഷം എന്തെന്നല്ലേ? ബോഡോലാന്റിലെ ഉദാൽഗുരിയിൽ മോഹൻപൂർ വില്ലേജിലെ ചില മുസ്‌ലിം വീടുകളിൽ പാകിസ്താന്റെ പതാക ഉയർത്തിയിരുന്നുവത്രെ! ഈ പതാകയെ ഈദിന്റെ കൊടിയായി വിശേഷിപ്പിച്ച മുഖ്യമന്ത്രി ഗൊഗോയിയും ആഭ്യന്തരമന്ത്രി ഹേമന്ത ബിശ്വ സാർമയും ദേശദ്രോഹത്തെ ന്യായീകരിച്ചുവെന്നാണ് ആസാമിൽ ഉയരുന്ന ഒടുവിലത്തെ വിവാദം. റമദാൻ അവസാനിച്ചതിന്റെ പിറ്റേ രാത്രിയിലായിരുന്നു ബോഡോ കലാപത്തിന്റെ തുടക്കം. ആസാമിലെ മുസ്‌ലിംവീടുകളിൽ പെരുന്നാളിന് പച്ചക്കൊടി ഉയർത്തുന്ന ഒരു പതിവുണ്ടത്രെ. അതിനെയാണ് പാകിസ്താന്റെ കൊടിയാക്കി മാറ്റിയത്.

ലക്ഷ്യം മാർഗത്തെ സാധൂകരിക്കുന്നതുകൊണ്ട് ഈ വാർത്തയിലടങ്ങിയ അസംബന്ധം നമുക്കു വിഷയമല്ലാതായി. ഇത്രയും ദിവസം ബംഗ്ലാദേശികളായി ചിത്രീകരിച്ചവരുടെ ഗ്രാമങ്ങളിലാണ് ഈ പാകിസ്താൻ പതാക പ്രത്യക്ഷപ്പെട്ടതെന്നോർക്കുക! ഒന്നുകിൽ ബംഗ്ലാദേശി അല്ലെങ്കിൽ പാകിസ്താനി. അതല്ലെങ്കിൽ ഇത് രണ്ടും കൂടിയവൻ. ആസാമിൽ തദ്ദേശീയരായ മുസ്‌ലിംകൾ ഇല്ലെന്നാണ് മാധ്യമങ്ങൾ സ്ഥാപിക്കുന്നത്. അതേസമയം വസ്തുതകളോ? സർക്കാർ നിശ്ചയിച്ച കട്ട്ഓഫ് ഡേറ്റിന് മുമ്പെ 1970കളിൽ നടന്ന പോക്കുവരവുകളെയാണ് ഇപ്പോഴും ആസാമിൽ നുഴഞ്ഞുകയറ്റമായി ചിത്രീകരിക്കപ്പെടുന്നത്. കലാപം നടക്കുന്ന സമയത്ത് ഇരകളെ നുഴഞ്ഞുകയറ്റക്കാർ എന്നു വിശേഷിപ്പിച്ച് ബോഡോകളുടെ നരനായാട്ടിന് ചൂട്ടുപിടിച്ചെങ്കിലും കലാപബാധിതർ തദ്ദേശീയരാണെന്ന് വ്യക്തമായതോടെയാണ് പുതിയ ആരോപണവുമായി മാധ്യമങ്ങൾ രംഗത്തിറങ്ങിയത്. കൊടി വിവാദത്തിന് ലഭിക്കുന്ന പ്രചാരം പക്ഷേ ആരെയും അമ്പരപ്പിക്കുന്നതാണ്. ഈ കൊടിയെകുറിച്ച് നിഷ്പക്ഷമായ അന്വേഷണം വേണമെന്നാണ് കലാപബാധിത പ്രദേശങ്ങളിൽ സന്ദർശനം നടത്തിയതിനു ശേഷം ആസാം ഗണ പരിഷത്തിന്റെ പുതിയ അധ്യക്ഷൻ ചന്ദ്രമോഹൻ പടോവാരി ആവശ്യപ്പെട്ടത്.

ഉദാൽഗുരിയിലും ദർറംഗിലും മാത്രമായി 82 ദുരിതാശ്വാസ ക്യാമ്പുകളാണ് ആസാമിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്. സർക്കാറിന്റെ രേഖകളനുസരിച്ചു മാത്രം 1,55,000 പേർ ഈ ക്യാമ്പുകളിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. 2505 വീടുകൾ പൂർണമായി നശിപ്പിക്കപ്പെട്ടു. വീടുവിട്ടോടിപ്പോയ എല്ലാവരും ദുരിതാശ്വാസ ക്യാമ്പുകളിൽ നിർബന്ധമായും എത്തിപ്പെടണമെന്നില്ല. ഈ സാധ്യത മുന്നിൽവെച്ച് വിലയിരുത്തുമ്പോൾ രണ്ടു ലക്ഷത്തിൽ കുറയാത്ത ജനങ്ങൾ ഈ ജില്ലകളിൽ കലാപത്തിന്റെ ഇരകളായിട്ടുണ്ട്. ബോഡോ സ്വയംഭരണ കൗൺസിലിന്റെ പരിധിയിൽ പെട്ട ഗ്രാമങ്ങളിൽ നിന്നും കേൾക്കാനുള്ള കഥകൾ ഏതാണ്ട് ഗുജറാത്ത് കലാപകാലത്തെ അനുസ്മരിപ്പിക്കുന്നവയാണ്. കലാപത്തിന്റെ ആവേഗം പടർത്താൻ കൂട്ടബലാത്സംഗങ്ങളും ഗർഭിണികളെ വെടിവെച്ചു കൊല്ലലും മറ്റും ഈ ഭാഗങ്ങളിൽ അരങ്ങേറിയതായാണ് ചില റിപ്പോർട്ടുകളിൽ കാണുന്നത്.

കലാപങ്ങളിൽ ഇതൊക്കെ പതിവുള്ളതാണെന്ന മട്ടിൽ നിർവികാരതയോടെ ഈ ബലാത്സംഗ വാർത്തകൾ പറഞ്ഞു പോവുകയാണ് മാധ്യമങ്ങൾ. ഇതിനൊരു പശ്ചാത്തലമുണ്ട്. കലാപകാരികളെ അമർച്ച ചെയ്യാനെത്തിയ സി.ആർ.പി.എഫ് ജവാന്മാർ രണ്ട് ബോഡോ വനിതകളെ ബലാത്സംഗം ചെയ്തിരുന്നു. ഇതിലെ നീതിനിഷേധമാണ് ആസാമിലെ ഇപ്പോഴത്തെ മറ്റൊരു പ്രധാന ചർച്ച. ബലാത്സംഗം ചെയ്ത പട്ടാളക്കാരെ പിടികൂടണമെന്നാവശ്യപ്പെട്ട് ബോഡോ വനിതകൾ 52ാം നമ്പർ ദേശീയപാത ഉപരോധിച്ചിരുന്നു. 'ഞങ്ങളെ ബലാത്സംഗം ചെയ്യൂ' എന്ന് മാറത്ത് പ്ലക്കാർഡൊട്ടിച്ച് ഇവർ തെരുവിലിറങ്ങിയത് കണ്ടില്ലെന്നു നടിക്കാൻ മാധ്യമങ്ങൾക്കും രാഷ്ട്രീയ സംഘടനകൾക്കും കഴിഞ്ഞില്ല. എല്ലാ പ്രമുഖ സംഘടനകളും അനീതിക്കിരയായ ബോഡോ വനിതകൾക്കു വേണ്ടി റോഡിലിറങ്ങി. അതിൽ ശരി ഉണ്ടായിരുന്നു എന്നത് നിഷേധിക്കുന്നില്ല. പക്ഷേ കണ്ണീരും കൈയുമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന മറ്റൊരു കൂട്ടം വനിതകളുടെ കാര്യത്തിൽ ആരുമുണ്ടായിരുന്നില്ല ഈ ബഹളം നയിക്കാൻ.

കുറ്റക്കാരായ പട്ടാളക്കാരെ ഒക്ടോബർ 23നകം പിടികൂടുമെന്ന് ജില്ലാ കലക്ടർ ബോഡോ പ്രക്ഷോഭകർക്ക് എഴുതി നൽകിയ ഉറപ്പിനെ തുടർന്നായിരുന്നു ഈ സമരം അവസാനിച്ചത്. അവരെ കണ്ടെത്തുന്നതിന് വേണ്ടി പിന്നീട് തിരിച്ചറിയൽ പരേഡ് നടത്തി. നിയമവാഴ്ചയുടെ ഈ മനോഹരമായ മുഖത്തെ നമുക്ക് അഭിനന്ദിക്കുക. ഇനി ബോഡോ കലാപകാരികളുടെ കാര്യത്തിൽ എന്തായിരിക്കും നടക്കുക? നൂറു പേർ കൊല്ലപ്പെട്ട, ആയിരക്കണക്കിന് വീടുകൾ തീവെച്ച് നശിപ്പിക്കപ്പെട്ട കേസുകളിൽ അവരിൽ എത്രപേരുടെ ദേഹത്ത് കൈവെക്കാനുള്ള ധൈര്യം ആസാമിലെ ഭരണകൂടങ്ങൾക്കുണ്ടാവും? ഒരേയൊരു കാര്യത്തിൽ മാത്രമാണ് ഗൊഗോയി ശരാശരി നിലവാരമെങ്കിലും കാണിച്ചത്. മാസങ്ങളോളം നീണ്ടുപോകുമായിരുന്ന കലാപത്തെ അദ്ദേഹം പത്ത് ദിവസം കൊണ്ട് ഒതുക്കി. ആട്ടിയോടിക്കപ്പെട്ടവർക്ക് ഒരു മാസത്തെ സൗജന്യറേഷൻ നൽകാനും അദ്ദേഹം സന്നദ്ധനായി. പക്ഷേ ഇവരിൽ എത്രപേർക്ക് തങ്ങളുടെ സ്വന്തം ഗ്രാമങ്ങളിലേക്ക് തിരിച്ചുപോകാൻ സർക്കാർ സൗകര്യമൊരുക്കും? കണ്ടു തന്നെ അറിയണം. ■